

അദ്ധ്യായം 15.  സംസ്കൃതകൃതികൾ

# കേരളസാഹിത്യചരിത്രം I

ഉള്ളൂർ എസ്. പരമേശ്വര അയ്യർ

കേരളസാഹിത്യചരിത്രം ഭാഗം 1
ഉള്ളൂർ എസ്. പരമേശ്വര അയ്യർ
(മലയാളം: സാഹിത്യചരിത്രം)

First published in print media 1953.

The electronic versions have been released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using LuaTeX from TeX Live 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The production infrastructure of River Valley Technologies has been made use of in the production of these digital editions.

Cover: Shakuntala, (she looks back at her lover, pretending to remove a thorn from her foot), an oil painting by Raja Ravi Varma. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


15 സംസ്കൃതകൃതികൾ . . . . . . . . . . . . . . . . . . . . . . 1

1 കേരളത്തിന്റെ വിഭാഗങ്ങൾ . . . . . 2

2 രവിവർമ്മകുലശേഖരൻ . . . . . . . . . 3

3 സമുദ്രബന്ധൻ . . . . . . . . . . . . . 4

4 സിംഹരാജൻ . . . . . . . . . . . . . . 5

5 കവിഭൂഷണൻ . . . . . . . . . . . . . 6

6 അരുണഗിരിനാഥൻ . . . . . . . . . . 7

7 രാഘവാനന്ദൻ . . . . . . . . . . . . . 8

8 ദാമോദരച്ചാക്കിയാർ . . . . . . . . . . 9

9 വിടനിദ്രാഭാണം . . . . . . . . . . . . 10

# 15

# സംസ്കൃതകൃതികൾ

ക്രി. പി. പതിന്നാലാം ശതകം

## 1 കേരളത്തിന്റെ വിഭാഗങ്ങൾ

വിജയാലയചോളവംശത്തെ അലങ്കരിച്ച രാജേന്ദ്രചോളൻ ക്രി. പി. പതിനൊന്നാം ശതകത്തിന്റെ പൂർവാദ്ധത്തിൽ ചേരവംശത്തിന്റെ ഉന്മൂലനാശം വരുത്തിയതായി മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ ചോളവംശം ക്രി. പി. 1267-വരെ നിലനിന്നുപോന്നു. എങ്കിലും പതിമ്മൂന്നാം ശതകത്തിന്റെ ആരംഭത്തിൽത്തന്നെ അതിന്റെ പ്രാഭവം അസ്തമിച്ചുകഴിഞ്ഞിരുന്നു. ശുദ്ധകേരളത്തിന്റെ ദക്ഷിണഭാഗമായ കൂപകഖണ്ഡവും ഉത്തരഭാഗമായ മൂഷികഖണ്ഡവും പതിനൊന്നാംശതകത്തിനു മുമ്പും ഒട്ടൊക്കെ സ്വതന്ത്രങ്ങളായിരുന്നു. ചേരന്മാരുടെ അധഃപതനത്തോടുകൂടി കേരളഖണ്ഡത്തിന്റെ ഇതര വിഭാഗങ്ങളും സ്വാതന്ത്ര്യം നേടി. ക്രി. പി. പതിന്നാലാം ശതകത്തിന്റെ ആരംഭത്തിൽ കൂപകഖണ്ഡം അഥവാ വേണാട്ട്, തൃപ്പാപ്പൂർ, കൊല്ലം, കൊട്ടാരക്കര, കായങ്കുളം (ഓണാട്ട്) എന്നിങ്ങനെ നാലു രാജ്യങ്ങളായി വേർതിരിഞ്ഞിരുന്നു. ആദ്യമായി വേർതിരിഞ്ഞതു കായങ്കുളമാണ്. ജൂതന്മാർക്കു ഭാസ്കരരവിവർമ്മപ്പെരുമാൾ നല്കിയതായ ദാനശാസനത്തിൽ വേണാട്ട്, ഓടനാട്ട്, ഏറനാട്ട് (കോഴിക്കോട്ട്), വള്ളുവനാട്ട്, നെടുമ്പറയൂർനാട്ട് (പാലക്കാട്ട്) ഈ അഞ്ചു രാജ്യങ്ങളിലേയും രാജാക്കന്മാർ സാക്ഷി നില്ക്കുന്നു. വീരരാഘവചക്രവർത്തി ഇരവിക്കൊർത്തനു ക്രി. പി. 1320-ൽ നല്കിയ ദാനശാസനത്തിൽ ഇവരിൽ ആദ്യത്തെ നാലു രാജാക്കന്മാരും സാക്ഷികളാണ്. തൃപ്പാപ്പൂർ, കൊല്ലം, കൊട്ടാരക്കര, ഇവയ്ക്കും പിന്നീടു മറ്റൊരു ശാഖയായിപ്പിരിഞ്ഞ നെടുമങ്ങാടിനും തമ്മിൽ എല്ലാക്കാലങ്ങളിലും സമീപസംബന്ധവും പരസ്പരാവകാശവുമുണ്ടായിരുന്നു. ഇതരരാജ്യങ്ങളെ എല്ലാം ഏകീഭവിപ്പിച്ചു തൃപ്പാപ്പൂർ സ്വരൂപത്തിൽ ലയിപ്പിച്ചതു് ക്രി. പി. പതിനെട്ടാംശതകത്തിന്റെ പൂർവാർദ്ധത്തിൽ തിരുവിതാങ്കൂർ ഭരിച്ചിരുന്ന വീരമാർത്താണ്ഡവർമ്മമഹാരാജാവാകുന്നു. വേണാട്ടിനു വടക്കാണ് വെണ്പലനാട്; അതും പതിന്നാലാംശതകത്തിനു മുൻപു തന്നെ തെക്കുംകൂറെന്നും വടക്കുംകൂറെന്നും രണ്ടു രാജ്യങ്ങളായി പിരിഞ്ഞിരുന്നു. ഇല്ലിക്കൽ കോട്ടയടിക്കു പടിഞ്ഞാറു കുമരകംകായലിനു കിഴക്കു കൈപ്പട്ടൂരിനു വടക്കു കാണക്കാരിക്കു തെക്ക് ഇവയ്ക്കു നടുവിലുള്ള രാജ്യമാണു തെക്കുംകൂറെന്ന് ഒരു പഴയ ചൊല്ലുണ്ട്. അമ്പലപ്പുഴ (ചെമ്പകശ്ശേരി) രാജ്യത്തിന് അത്ര വളരെ പഴക്കമില്ല. കുടമാളൂർ ചെമ്പകശ്ശേരിയില്ലത്തെ ഒരു നമ്പൂരിയെ നായന്മാർ അവിടത്തേയും തദനന്തരം പുറക്കാട്ടേയും (അമ്പലപ്പുഴ) രാജാവായി വാഴിച്ചതു പതിന്നാലാം ശതകത്തിനു മുമ്പായിരിക്കുവാനിടയില്ല. പന്തളവും പൂഞ്ഞാറും പാണ്ഡ്യരാജാക്കന്മാരുടെ വംശപരമ്പരയിൽപെട്ട രണ്ടു കുടുംബങ്ങളാണ്. അവയിൽ പന്തളം ക്രി. പി. പതിനൊന്നാംശതകത്തിലും പൂഞ്ഞാർ പന്ത്രണ്ടാം ശതകത്തിലും കേരളത്തിൽ താമസമുറപ്പിച്ചതായി കരുതാവുന്നതാകുന്നു. ആലങ്ങാടും പറവൂരും മറ്റു രണ്ടു ചെറിയ രാജ്യങ്ങളായിരുന്നു. അവയിൽ പ്രാചീനത പറവൂരിനു കൂടും. ഇടപ്പള്ളിത്തമ്പുരാക്കന്മാർ ആഢ്യബ്രാഹ്മണവർഗ്ഗത്തിൽ പെട്ടവരാണ്. ക്രി. പി. പതിനൊന്നാം ശതകത്തിന്റെ അവസാനത്തിൽ പെരുമ്പടപ്പു നമ്പൂരി ഒടുവിലത്തെ പെരുമാളുടെ ഒരു ഭാഗിനേയിയെ വിവാഹം ചെയ്തിരുന്നു എന്നും അദ്ദേഹം കൊച്ചിരാജാക്കന്മാർക്കു വിട്ടുകൊടുത്തതാണ് വന്നേരിനാട്ടിലെ ചിത്രകൂടമെന്നും അതിൽ പിന്നീട് ആ രാജാക്കന്മാരുടെ കിരീടധാരണം അവിടെവെച്ചു നടത്തണമെന്നായിരുന്നു നിയമമെന്നും അങ്ങനെയാണ് അവർക്കു പെരുമ്പടപ്പു രാജാക്കന്മാർ എന്നു പേർ വന്നതെന്നും ഐതിഹ്യം ഘോഷിക്കുന്നു. പ്രസ്തുത രാജകുടുംബത്തിലെ മറ്റൊരു രാജ്ഞിയെ ഇടപ്പള്ളി സ്വരൂപത്തിലെ ഒരു രാജാവു ക്രി. പി. പതിമ്മൂന്നാംശതകത്തിൽ വിവാഹം ചെയ്കയും കൊച്ചിപ്പട്ടണം ആ രാജ്ഞിക്കും മക്കൾക്കുമായി വിട്ടുകൊടുക്കുകയുംചെയ്തു. എന്നാൽ ക്രി. പി. പതിന്നാലാം ശതകത്തിന്റെ പൂർവാർദ്ധത്തിലും കൊടുങ്ങല്ലൂർ തന്നെയായിരുന്നു കൊച്ചിരാജ്യത്തിന്റെ രാജധാനി. കൊടുങ്ങല്ലൂർ കുറേക്കാലത്തേക്കു പടിഞ്ഞാറ്റേടത്തു ഭട്ടതിരിയുടെ വകയായിരുന്നു. അദ്ദേഹം അതു് അയിരൂർ രാജവംശത്തേക്ക് ഒഴിഞ്ഞു കൊടുക്കുകയും ക്രി. പി. പന്ത്രണ്ടാം ശതകത്തിൽ കൊച്ചിയിലെ പ്രബലനായ രവിവർമ്മമഹാരാജാവിന് അയിരൂർ രാജാവ് ആ പ്രദേശം ദാനം ചെയ്യുകയും ചെയ്തു. അയിരൂർ സ്വരൂപത്തിന്റെ ഒരു ശാഖയാണ് ഇന്നത്തെ കൊടുങ്ങല്ലൂർ രാജവംശം. രവിവർമ്മാവിനു കേരളവർമ്മാ എന്ന പേരിൽ ഒരനുജനുണ്ടായിരുന്നു; അവർ രണ്ടുപേരുംകൂടി പല ദേശങ്ങൾ പിടിച്ചടക്കിയതിന്റെ ശേഷം രവിവർമ്മാവു കേരളവർമ്മാവിനെ ഇന്നു മലബാറിൽ പൊന്നാനിത്താലൂക്കിൽപ്പെട്ട താനൂർ എന്ന സ്ഥലത്തുവച്ച് വെട്ടത്തുരാജാവായി വാഴിച്ചു. പതിമ്മൂന്നാം ശതകത്തിന്റെ അവസാനത്തിൽ വെട്ടം കൊച്ചിയിൽനിന്നു വേർപെട്ടു സ്വതന്ത്രരാജ്യമായി. ഇതിനിടയ്ക്കു് ഏറനാട്ടു (നെടിയിരിപ്പു) രാജാക്കന്മാരുടെ അധികാരം ക്രമേണ വർദ്ധിച്ചുവന്നു. അവരെ സാമൂതിരിപ്പാടന്മാർ എന്നും കുന്നലക്കോനാതിരിമാർ (ശൈലാബ്ധീശ്വരന്മാർ) എന്നും പറയും. അവരുടെ രാജധാനിയാണ് കോഴിക്കോട്ട്. ആദ്യകാലത്തു് അവർക്കു പെരുമാളിൽനിന്നു കിട്ടിയ ഭൂമി സ്വല്പമായിരുന്നു എങ്കിലും ക്രമേണ ‘ചത്തും കൊന്നും’ അവർ ശത്രുരാജ്യങ്ങൾ വെട്ടിപ്പിടിച്ച് അത്യന്തം ശക്തിമാന്മാരായിത്തീർന്നു. വള്ളുവനാട്ട് ഏറനാട്ടുപോലെതന്നെ ഒരു പഴയ സ്വരൂപമാണെന്നുള്ളതു ജൂതശാസനത്തിൽനിന്നു നാം കണ്ടുവല്ലോ. തിരുനാവാ മണൽപ്പുറത്തു പന്ത്രണ്ടുകൊല്ലത്തിലൊരിക്കൽ ആഘോഷിക്കപ്പെട്ടുവരുന്ന മാമാങ്കമഹോത്സവത്തിൽ കേരളത്തിലേ സകലരാജാക്കന്മാർക്കും അഗ്രഗണ്യനായി നിലപാട്ട് നില്ക്കുവാനുള്ള അവകാശം ആദ്യകാലത്തു വള്ളുവക്കോനാതിരിയായിരുന്നു അനുഭവിച്ചുവന്നതു്. സാമൂതിരിപ്പാടന്മാർ പത്താംശതകത്തിൽ കോഴിക്കോടിനുസമീപമുള്ള പോലനാട്ടു പിടിച്ചടക്കി പതിമ്മൂന്നാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ വന്നേരിച്ചിത്രകൂടം കൈവശപ്പെടുത്തി പെരുമ്പടപ്പുസ്വരൂപത്തെ അവിടെനിന്നു നീക്കം ചെയ്തു. പതിന്നാലാംശതകത്തിൽ സാമൂതിരിപ്പാടന്മാരുടെ ശക്തി ക്രമാധികമായി വർദ്ധിച്ചിരുന്നു. വള്ളുവനാട്ടു രാജാക്കന്മാരെ വെള്ളാട്ടിരിമാരെന്നും ആറങ്ങോട്ടുടയവരെന്നുംകൂടി പറയും. ആ നാട്ടു സാമൂതിരി അടക്കിയപ്പോൾ പൊറളാതിരി രാജാവു തന്റെ ബന്ധുവായ കോലത്തിരിയെ അഭയം പ്രാപിച്ചു. പക്ഷേ കടത്തനാട്ട് ഒരു പ്രത്യേകദേശമെന്ന നിലയിൽ വേർപിരിഞ്ഞതു ക്രി. പി. 1564-ൽ മാത്രമാണ്. കോട്ടയം ആദ്യകാലത്തു കോലത്തുനാട്ടിന്റെ ഒരംശമായിരുന്നു. ആ വംശത്തിലെ രാജാക്കന്മാരെ പുറവഴിയാനാട്ടുരാജാക്കന്മാരെന്നും പുറനാട്ടുരാജാക്കന്മാരെന്നുംപറയുന്നു. ഹരിശ്ചന്ദ്രപ്പെരുമാൾ എന്നൊരു ചേരരാജാവുണ്ടായിരുന്നു എന്നും അദ്ദേഹമാണ് ആ വംശത്തിന്റെ കൂടസ്ഥനെന്നും ഐതിഹ്യമുണ്ട്. കുറുമ്പനാട്ടുരാജാക്കന്മാർ കോട്ടയത്തു രാജാക്കന്മാരുടെ ബന്ധുക്കളാണ്. കേരളത്തിൽ ആകെക്കൂടി പതിനെട്ടു നാടുകളും പതിനെട്ടു സഭാമഠങ്ങളും പതിനെട്ടടവുകളും മറ്റും ഉണ്ടായിരുന്നതായി പഴമക്കാർ പറഞ്ഞു കേൾവിയുണ്ട്. അവയിൽ പ്രധാനപ്പെട്ട നാടുകളെപ്പറ്റി മാത്രമേ ഇവിടെ അതും — വളരെ ചുരുക്കത്തിൽ — പ്രസ്താവിച്ചിട്ടുള്ളൂ.

## 2 രവിവർമ്മകുലശേഖരൻ

### ജീവചരിത്രം

കേരളത്തിൽ കാവ്യങ്ങളുടെ പ്രണേതാക്കന്മാരായും കവികളുടെ പുരസ്കർത്താക്കന്മാരായും അനേകം രാജാക്കന്മാർ ജീവിച്ചിരുന്നിട്ടുണ്ട്. അവരിൽ അതിപ്രധാനമായ ഒരു സ്ഥാനത്തിന് അവകാശിയാകുന്ന ക്രി. പി. പതിന്നാലാംശതകത്തിന്റെ ആരംഭത്തിൽ കൊല്ലത്തു രാജ്യഭാരം ചെയ്തിരുന്ന വീരരവിവർമ്മകുലശേഖരൻ. രവിവർമ്മാവു ശകാബ്ദം 1188-ൽ, അതായതു ക്രി. പി. 1266-ൽ, കൊല്ലത്തു ജയസിംഹൻ എന്ന രാജാവിന്റേയും ഉമാദേവി എന്ന രാജ്ഞിയുടേയും പുത്രനായി ചിങ്ങമാസത്തിൽ ചതയം നക്ഷത്രത്തിൽ അവതരിച്ചു. അക്കാലത്തു കൊല്ലത്തിന്റെ സ്ഥിതി അരാജകമായിരുന്നു. മധുരയിലെ ജടാവർമ്മൻ വീരപാണ്ഡ്യൻ (ക്രി. പി. 1253-74) ആ പട്ടണം സ്വായത്തമാക്കി. ജയസിംഹൻ ചന്ദ്രവംശത്തിലും കേരളത്തിലെ യദുക്ഷത്രിയശാഖയിലും പെട്ട ഒരു രാജാവായിരുന്നു. കൊല്ലത്തിനു ജയസിംഹനാട്ട് എന്നു പേർ വന്നതു് അദ്ദേഹത്തിൽ നിന്നാകുന്നു. വീരപാണ്ഡ്യന്റെ അനന്തരഗാമിയായ മാറവർമ്മൻ കുലശേഖരൻ (1269-1310) എന്നൊരു രാജാവായിരുന്നു അന്നു മധുര ഭരിച്ചിരുന്നതു്; അദ്ദേഹത്തെ വിക്രമപാണ്ഡ്യൻ (1253-96) എന്നൊരു ബന്ധു രാജ്യഭാരത്തിൽ സഹായിച്ചുവന്നു. ആ വിക്രമപാണ്ഡ്യൻ കുലശേഖരനോടു പിണങ്ങിയപ്പോൾ ആരൂഢയൗവനൻ മാത്രമായിരുന്ന രവിവർമ്മാവു് അദ്ദേഹത്തെ പടയിൽ വെന്നു തടവിലാക്കി കുലശേഖരനു സമർപ്പിക്കുകയും അദ്ദേഹത്തിന്റെ കുമാരിയെ പാണിഗ്രഹണം ചെയ്കയും ചെയ്തു. ഈ സംഭവത്തെയാണ് ലീലാതിലകത്തിൽ ഉദ്ധൃതമായ

“ദ്രോണായ ദ്രുപദം ധനഞ്ജയ ഇവ
ക്ഷ്മാപാലബാലോ ബലീ
വേണാട്ടിന്നുടയോരു വീരരവിവർ–
മ്മാഖ്യോ യദൂനാം പതിഃ
പാണ്ഡ്യം വിക്രമപൂർവകം പടയിൽവ–
ച്ചാട്ടിപ്പിടിച്ചങ്ങനേ
പാണ്ഡ്യേശായ കൊടുത്തു തസ്യ തനയാം
പത്മാനനാമഗ്രഹീൽ.”

എന്ന ശ്ലോകത്തിൽ വർണ്ണിച്ചിരിക്കുന്നതു്. മുപ്പത്തിമൂന്നാമത്തെ വയസ്സിൽ അദ്ദേഹം ദിഗ്വിജയത്തിനു പുറപ്പെട്ടു കേരളം മുഴുവൻ കീഴടക്കി. അനന്തരം കുലശേഖരന് അസവർണ്ണവിവാഹത്തിൽ ജനിച്ച പുത്രനായ വീരപാണ്ഡ്യനെ (1296-1342) [1] അനേകം യുദ്ധങ്ങളിൽ പരാജിതനാക്കി കൊങ്കണദേശത്തേക്കും ഒടുവിൽ കാട്ടിലേക്കും ഓടിച്ചു. അതിനിടയിൽ സുന്ദരപാണ്ഡ്യൻ പിതാവായ കുലശേഖരനെ വധിച്ചു ഡെൽഹിയിലെ അല്ലാഉദീൻകിൽജി എന്ന മഹമ്മദീയചക്രവർത്തിയുടെ സേനാനിയായ മാലിക്കാർഫറ്റുടെ സഹായത്തോടുകൂടി പാണ്ഡ്യസിംഹാസനത്തെ ആരോഹണംചെയ്തു. തന്നിമിത്തം രവിവർമ്മാവിനു അദ്ദേഹത്തെയും ജയിക്കേണ്ടിവന്നു. പിന്നീടു നാല്പത്താറാമത്തെ വയസ്സിൽ ചോളരാജ്യവും കാഞ്ചീപുരവും ഭരിച്ചിരുന്ന കാകതീയ രാജപ്രതിനിധിയായ മന്മസിദ്ധിയെ തോല്പിച്ചു തൊണ്ടമണ്ഡലവും സ്വായത്തമാക്കി. പാലാറ്റിന്റെ ഒരു പോഷകനദിയായ വേഗവതിയുടെ തീരത്തുള്ള ആ പുരാണനഗരത്തിൽ അരുളാളപ്പെരുമാൾ (വരദരാജസ്വാമി) ക്ഷേത്രത്തിലെ ഒരു മണ്ഡപത്തിൽവച്ച് അദ്ദേഹം തന്റെ വിജയാഭിഷേകമഹോത്സവം ആഘോഷിക്കുകയും ത്രിക്ഷത്രചൂഡാമണി (ചേരപാണ്ഡ്യചോളേശ്വരൻ) എന്ന ബിരുദം സ്വീകരിക്കുകയും ചെയ്തു. ‘കുലശേഖരൻ ചന്തി’ എന്നൊരു പൂജ നാല്പത്തെട്ടാമത്തെ വയസ്സിൽ അദ്ദേഹം ആ ക്ഷേത്രത്തിൽ ഏർപ്പെടുത്തി അതിനുവേണ്ട വസ്തുവകകളും വിട്ടുകൊടുത്തു. അതിനുപുറമേ ശ്രീരങ്ഗത്തു രങ്ഗനാഥസ്വാമി ക്ഷേത്രത്തിന്റെ അന്തർഭാഗത്തിൽ ലക്ഷ്മീസഹിതനായ മഹാവിഷ്ണുവിന്റെ ബിംബം പ്രതിഷ്ഠിക്കുകയും ഭദ്രദീപോത്സവം നടത്തുന്നതിനുംമറ്റും വേണ്ട ദാനം ചെയ്കയുംചെയ്തു. ആ ബിംബം ഇന്നുമുണ്ട്. വരദരാജക്ഷേത്രത്തിൽ ചേരകുലവല്ലി എന്നും രങ്ഗനാഥക്ഷേത്രത്തിൽ മലയാളനാച്ചിയാർ എന്നും പേരുള്ള രണ്ടു വിഗ്രഹങ്ങൾ പ്രതിഷ്ഠിച്ചു. ആ ദേവിമാർ രാജാവിന്റെ പുത്രിമാരാണെന്നും അവരെ അദ്ദേഹം മഹാവിഷ്ണുവിനു പതിമാരായി സമർപ്പിക്കുന്നു എന്നുമാണ് സങ്കല്പം. തിരുവാടിയിൽ വീരസ്ഥാനേശ്വരംക്ഷേത്രം ജീർണ്ണോദ്ധാരണം ചെയ്തു കുംഭാഭിഷേകം ആഘോഷിച്ചതും ആ മഹാരാജാവു തന്നെയാണ്. അതു 47-ാമത്തെ വയസ്സിലാണ് നടന്നതു്. മദിരാശിയിൽ പൂനമലയിൽ അദ്ദേഹത്തിന്റെ ഒരു ശിലാരേഖ കണ്ടുകിട്ടിയിട്ടുണ്ട്. പൂനമലയ്ക്കു അദ്ദേഹം ചേരപാണ്ഡ്യചതുർവേദിമങ്ഗലം എന്ന പേർ നല്കി തിരുനെൽവേലിയിൽ രവിവർമ്മചതുർവേദിമങ്ഗലം എന്നൊരു ഗ്രാമവും അദ്ദേഹം സ്ഥാപിച്ചു. തിരുവിതാംകൂറിൽ തിരുവനന്തപുരത്തു വലിയചാലയിലും ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ ഒരു വലിയ പാത്രത്തിലും അദ്ദേഹത്തിന്റെ രേഖകൾ കാണുന്നു. കാകതീയരാജ്ഞിയായ രുദ്രാംബയുടെ ആജ്ഞയനുസരിച്ചു ക്രി. പി. 1316-ൽ മുപ്പടിനായ്ക്കൻ എന്ന സേനാനി കാഞ്ചീപുരം വീണ്ടെടുത്തു. രവിവർമ്മ കുലശേഖരൻ അതിനുമുമ്പു ചരമഗതിയെ പ്രാപിച്ചിരിക്കണം. ഇത്രയും പ്രസ്താവിച്ചതിൽനിന്നു രവിവർമ്മകുലശേഖരന്റെ ദിഗ്വിജയം എത്ര വിപുലവും വിശ്വവിസ്മാപകവുമാണെന്നു കേരളീയർക്കു ധരിക്കാവുന്നതാണ്. അദ്ദേഹത്തേപോലെ പരദേശങ്ങളിൽ മാതൃഭൂമിയുടെ പേരും പെരുമയും പരത്തിയ കേരളരാജാക്കന്മാർ വേറെയില്ല. വരദരാജക്ഷേത്രത്തിലെ ശിലാരേഖയാണ് താഴെ ഉദ്ധരിക്കുന്നതു്.

“സ്വസ്തിശ്രീ ജയസിംഹ ഇത്യഭിഹിത–
സ്സോമാന്വയോത്തംസകോ
രാജാസീദിഹ കേരളേഷു വിഷയേ
നാഥോ യദുക്ഷ്മാഭൃതാം;
ജാതോസ്മാദ്രവിവർമ്മഭൂപതിരുമാ
ദേവ്യാം കുമാരശ്ശിവാ–
ദ്ദേഹവ്യാപ്യശകാബ്ദഭാജി സമയേ
ദേഹീവ വീരോ രസഃ.

ക്ഷയം നീത്വാ സോയം കലിബലമിവാരാതിനിവഹാൻ
ജയശ്രീവൽ കൃത്വാ നിജസഹചരീം പാണ്ഡ്യതനയാം
ത്രയസ്ത്രിംശദ്വർഷോ യശ ഇവ യയൗ കേരളപദം
രരക്ഷ സ്വം രാഷ്ട്രം നഗരമിവ കോളംബമധിപഃ.

ജിത്വാ സങ്ഗ്രാമധീരോ നൃപതിരധിരണം വിദ്വിഷം
വീരപാണ്ഡ്യം
കൃത്വാസൗ പാണ്ഡ്യചോളാൻ നയ ഇവ തനുമാൻ
കേരളേഭ്യോപ്യധീനാൻ
ഷട്ചത്വാരിംശദബ്ദസ്തടഭുവി മകുടം ധാരയൻ വേഗവത്യാഃ.
ക്രീഡാം സിംഹാസനസ്ഥശ്ചിരമകൃത
മഹീകീർത്തിവാണീരമാഭിഃ

കൃത്വാ കേരളപാണ്ഡ്യചോളവിജയം
ക്ലൃപ്താഭിഷേകോത്സവഃ
സങ്ഗ്രാമാപജയേന കൊങ്കണഗതം തം വീരപാണ്ഡ്യം
നൃപം
നീത്വാ സ്ഥിതബലം തഥാപി വിപിനം നീത്വാ ദിശാമുത്തരാം
കാഞ്ച്യാമത്ര ചതുർത്ഥമബ്ദ (? ) മലിഖൽ സങ്ഗ്രാമധീരോ
നൃപഃ.

ആമേരോരാമലയാദാപൂർവാദാ ച പശ്ചിമാദചലാൽ
യദുകുലശേഖര ഏഷ ക്ഷോണീം കുലശേഖരസ്സ്വയം
ബുഭുജേ.

സ്വസ്തിശ്രീഃ-ചന്ദ്രകുലമങ്ഗലപ്രദീപ-യാദവനാരായണ-കേരളദേശപുണ്യപരിണാമ-നാമാന്തരകർണ്ണ-ക്ഷപകസാർവഭൗമ-കുലശിഖരിപ്രതിഷ്ഠാപിതഗരുഡധ്വജ-കോളംബപുരവരാധീശ്വര-ശ്രീപദ്മനാഭപദകമലപരമാരാധക-പ്രണതരാജ

പ്രതിഷ്ഠാചാര്യ-വിമതരാജബന്ദീകാര-ധർമ്മതരുമൂലകന്ദ-സദ്ഗുണാലങ്കാര-ചതുഷ്ഷഷ്ടികലാവല്ലഭ-ദക്ഷിണഭോജരാജ-സങ്ഗ്രാമധീര-മഹാരാജാധിരാജപരമേശ്വര-ജയസിംഹദേവനന്ദന-രവിവർമ്മമഹാരാജ-ശ്രീകുലശേഖരദേവ-തിരിപുവനചക്കിരവർത്തി-കോനേരിന്മൈക്കൊണ്ടാൻ.”

രങ്ഗനാഥക്ഷേത്രത്തിലേ രേഖയിൽ വരദരാജക്ഷേത്രരേഖയിലുള്ള ആദ്യത്തെ മൂന്നു ശ്ലോകങ്ങളും സംസ്കൃതഗദ്യവും ഒടുവിലത്തെ ശ്ലോകവും കഴിഞ്ഞു താഴെക്കാണുന്ന ശ്ലോകങ്ങൾ കൂടി കൊത്തിക്കാണുന്നു.

കൃത്വാ ദുർന്നയവൈരനൈരൃതശമം
സംസ്കാരസംശോഭിതേ
നിദ്രാണാമധിദേവതാം നിരുപമൈരഭ്യർച്ച്യ മാല്യാദിഭിഃ
ധർമ്മൈരന്തരധിഷ്ഠിതേ സഹൃദയൈസ്സങ്ഗ്രാമധീരഃ കൃതീ
രങ്ഗേഽസ്മിൻ സുമനോധിവാസമകരോല്ലാസ്യേ
നിയോജ്യത്രയീം.

ലബ്ധ്വാ സാഗരനേമിഭൂമിവിഷയാ രത്നം പ്രതിഷ്ഠാ യത–
സ്തസ്മൈ ശ്രീകുലശേഖരോ യദുപതിസ്ത്രിക്ഷത്രചൂഡാമണിഃ
രങ്ഗേഽസ്മിൻ കമലാസഖായ ഹരയേ രമ്യാം പ്രതിഷ്ഠാം
ദദൗ
സന്തഃ പ്രത്യുപകുർവതേപ്യപകൃതാഃ സർവേ
കിമത്രാദ്ഭുതം?

ഭൂപാലൈരിളകാർത്തവീര്യസഗരൈര്യഃ
പൂർവമാസീൽകൃതം
പശ്ചാൽ പ്രൗഢമനോഹരം യദുപതിസ്തം
ഭദ്രദീപോത്സവം
ചക്രേ ശക്ര ഇവാശ്രയം സുമനസാം സമ്രാട്ട്
ത്രയീധർമ്മവി–
ദ്രങ്ഗേഽസ്മിൻരുചിരാങ്കസംശ്രിതരമാരോചിഷ്ണവേ
വിഷ്ണവേ.

സമ്രാജാമിവ യസ്സതാം സമുദഭൂത്തൈസ്തൈർഗ്ഗുണൈർമ്മാതു
സൈഷ ശ്രീകുലശേഖരശ്ശതഭിഷക്താരേ സകന്യാരവൗ
ഭട്ടേഭ്യഃ പുരതോത്ര രങ്ഗനൃപതേഃ പഞ്ചാശതിം
സാക്ഷിണഃ
പ്രത്യേകം പ്രതിഹായനം പണശതം ദാതും
പ്രതിഷ്ഠാംവ്യധാൽ.

### കവിത

സങ്ഗ്രാമധീരരവിവർമ്മന്റെ ഒരു കൃതി മാത്രമേ നമുക്കു കിട്ടീട്ടുള്ളു. അതു പ്രദ്യുമ്നാഭ്യുദയമെന്ന അഞ്ചങ്കത്തിലുള്ള ഒരു നാടകമാണ്. ആ നാടകത്തിന്റെ പ്രസ്താവനയിൽ ഇങ്ങനെ കാണുന്നു.

സൂത്രധാരൻ: “അസ്തി കില സങ്ഗീതശാസ്ത്രപാരദൃശ്വനാ, നിഖില ഗുണരത്നരോഹണഗിരിണാ, കവിജന മയൂര കാലമേഘേന, സാഹിത്യ വിദ്യാവിചക്ഷണേന, ദക്ഷിണഭോജരാജേന, മഹാരാജപരമേശ്വരേണ, സങ്ഗ്രാമധീരാപരനാമധേയേന, ശ്രീരവിവർമ്മദേവേന വിരചിതം പ്രദ്യുമ്നാഭ്യുദയം നാമ നാടകം തൽ പ്രയുഞ്ജാനാഃ സാമാജികാൻ ഉപാസ്മഹേ.

നടീ: (സശ്ലാഘം): വീരശ്രിയേവ സരസ്വത്യാപ്യഭിരമത ഏഷ യദുനാഥഃ [2]

സൂത്ര: ആര്യേ, കിമുച്യതേ?

സങ്ഗ്രാമഭൂമിഷു സഭാസു ച ധീര ഏഷ
ശസ്ത്രേണ ബുദ്ധിവിഭവേന ച തൈക്ഷ്ണ്യഭാജാ
ദർപ്പാന്ധകാരിതധിയോ നൃപതീൻ ബുധാംശ്ച
ജിത്വാ ക്ഷിതൗ വിഹരതേ ജയസിംഹസൂനു,

നടീ: നന്വേവംവിധസ്യ നരപതേഃ പ്രബന്ധമഭിനയതാമസ്മാകം ഹസ്തഗതാ മനീഷിതസിദ്ധിഃ.

സൂത്ര: (സബഹുമാനം) ആര്യേ! സാധു ഭണിതം.

“ഭരതജലധികർണ്ണധാരഃ പ്രബന്ധാ യദുക്ഷ്മാപതി–
സ്ത്രിഭുവനവിജയീ മുരാരേഃ കുമാരഃ സ്മരോ നായകഃ
പരിഷദഭിനയാദ്യഭിജ്ഞാ, പ്രവീണാശ്ച നാട്യേ വയം
ഫലിതമിഹ തദദ്യപുണ്യൈശ്ചിരാന്നഃ പുരാസഞ്ചിതൈഃ”

ഇതിൽ നിന്നും സങ്ഗ്രാമധീരൻ സങ്ഗീതത്തിലും ഭരതശാസ്ത്രത്തിലും നിഷ്ണാതനായിരുന്നു എന്നു സിദ്ധിക്കുന്നുണ്ടല്ലോ. ‘കേരളദേശസുകൃതപരിണതി’യും ‘യാദവനൃപകുലദൈവത’വുമായ ഭഗവാൻ ശ്രീപദ്മനാഭന്റെ യാത്രോത്സവത്തിൽ അഭിനയിക്കുന്നതിനുവേണ്ടി നിർമ്മിച്ചതാണ് പ്രസ്തുതനാടകമെന്നും കവി രേഖപ്പെടുത്തീട്ടുണ്ട്; ശ്രീകൃഷ്ണന്റെ പുത്രനായ പ്രദ്യുമ്നൻ വജ്രപുരാധീശ്വരനായ വജ്രണാഭൻ എന്ന അസുരനെ വധിച്ച് അദ്ദേഹത്തിന്റെ പുത്രിയായ പ്രഭാവതിയെ പാണിഗ്രഹണം ചെയ്യുന്നതാണ് ഇതിലെ ഇതിവൃത്തം. ഈ കഥ ഹരിവംശത്തിൽനിന്നു സങ്ഗ്രഹിച്ചിട്ടുള്ളതാണ്. രങ്ഗപ്രയോഗത്തിന് ഉചിതമായ വിധത്തിൽ പല മാറ്റങ്ങളും വരുത്തീട്ടുണ്ട്. [3] പ്രസ്തുതനാടകം ഒരിക്കലെങ്കിലും വായിക്കുന്നവർക്ക് അതു കവിചരിത്രത്തിന്റെ ദർപ്പണംകൂടിയാണെന്നു കാണുവാൻ അശേഷം പ്രയാസം ഉണ്ടാകുന്നതല്ല. രണ്ടാമങ്കത്തിൽ ഭദ്രനടന്റെ

“ചാടൂക്തിഭക്തിചതുരൈശ്ചതുരാനനാദ്യൈ–
രഭ്യർത്ഥിതസ്സുരഗണൈരവനീമുപേതഃ
വംശേ മഹീയസി യദോർവിഹിതാവതാര–
സ്സംക്രീഡതേ ശമിതശത്രുകുലോ മുകുന്ദഃ”

എന്ന ശ്ലോകം ജയസിംഹപ്രശസ്തിയുടെ പ്രതിബിംബമായി ഗണിക്കാവുന്നതാണ്; അഞ്ചാമങ്കത്തിൽ “യദുവംശഭുവാം രാജ്ഞാമീദൃശീ കാലയോധിതാ” എന്നു നാരദൻ പറയുന്നു. ഒടുവിൽ നേപഥ്യത്തിൽ “സാമ്രാജ്യചിഹ്നമധിതിഷ്ഠതു ഭദ്രപീഠം നാഥോ യദുക്ഷിതിഭൃതാം ശരദസ്സഹസ്രം” എന്ന ആശീർവാദം ഉച്ചരിക്കപ്പെടുന്നു. വേറെയും ഈ മതം സമർത്ഥിക്കുവാൻ ധാരാളം ഉദാഹരണങ്ങൾ കാണിക്കാവുന്നതാണ്. രവിവർമ്മ കവിയുടെ ഗദ്യവും പദ്യവും ഒന്നുപോലെ മനോഹരമാകുന്നു. നോക്കുക:

“പ്രഭാവത്യാഃ കലാഭിയോഗോ നാമ ഹേമയഷ്ട്യാ ദഹന
സംസ്കാരോ, മണിശലാകായാശ്ശാണസമുല്ലേഖഃ
ചമ്പകമാലായാ ഹിമജലപരിഷേക,
ശ്ചന്ദ്രികായാശ്ശരത്സമാഗമശ്ച”

“ആശ്യാനപങ്കപഥമംബുലസത്തടാക–
മാവിർമ്മദദ്വിപമയത്നവിലംഘ്യ സിന്ധു
ആദർശയൻ സ്വമിഹ വൈഭവമാഹവോൽകാൻ
സന്നാഹയത്യവനിപാൻ ശരദേഷ കാലഃ”

---

1. വലയങ്ങൾക്കുള്ളിൽ കാണുന്ന ആണ്ടുകൾ അതാതു രാജാക്കന്മാരുടെ ജീവിതകാലത്തിൽ നമുക്കറിവുള്ളവ മാത്രമാണ്. അവ അവരുടെ ജനനമരണങ്ങളെ സൂചിപ്പിക്കുന്നില്ല.
2. പ്രാകൃതത്തിന്റെ ഛായ.
3. പ്രസ്തുതകഥയെ അടിസ്ഥാനപ്പെടുത്തി പതിനാറാംശതകത്തിൽ പിങ്ഗളിസൂരണ്ണാ എന്ന ആന്ധ്രകവി പ്രഭാവതീപ്രദ്യുമ്നം എന്ന തെലുങ്കുകാവ്യം നിർമ്മിക്കുകയുണ്ടായി.

## 3 സമുദ്രബന്ധൻ

രവിവർമ്മകുലശേഖരനെപ്പോലെയുള്ള ഒരു മഹാരാജാവിന്റെ രാജധാനിയിൽ അനേകം കവികളും പണ്ഡിതന്മാരും പുലരുക എന്നുള്ളതു സ്വാഭാവികമാണല്ലോ. അവരിൽ സമുദ്രബന്ധൻ, കവിഭൂഷണൻ എന്നിങ്ങനെ രണ്ടുപേരെപ്പററിമാത്രമേ നമുക്കറിവാനിടവന്നിട്ടുള്ളൂ. രണ്ടുപേരും പാരദേശികന്മാരെന്നാണ് തോന്നുന്നതു്. സമുദ്രബന്ധയജ്വാവെന്ന സമുദ്രബന്ധനെപ്പറ്റി അന്യത്ര പ്രസ്താവിച്ചുകാണുന്നു. കാശ്മീരത്തിൽ ആലങ്കാരികമൂർദ്ധന്യനായി രുയ്യകൻ എന്നൊരു പണ്ഡിതൻ ക്രി. പി. പന്ത്രണ്ടാംശതകത്തിന്റെ ആരംഭത്തിൽ ജീവിച്ചിരുന്നു. അദ്ദേഹം നിർമ്മിച്ച ‘അലങ്കാര സൂത്രം’ എന്ന ഗ്രന്ഥത്തിന് അദ്ദേഹത്തിന്റെ ശിഷ്യനും സർവതന്ത്രസ്വതന്ത്രനുമായ മംഖുകൻ ‘അലങ്കാരസർവസ്വം’ എന്ന വൃത്തി രചിച്ചു. ‘നമസ്കൃത്യ പരാം വാചം ദേവീം ത്രിവിധവിഗ്രഹാം ഗുർവലങ്കാരസൂത്രാണാം വൃത്ത്യാ താൽപര്യമുച്യതേ’ എന്ന് ആ വൃത്തിയുടെ ആരംഭത്തിലും,

> “ഇതി മംഖുകോ വിതേനേ കാശ്മീരക്ഷിതിപസാന്ധി
> വിഗ്രഹികഃ
> സുഖവിമുഖാലങ്കാരം തദിദമലങ്കാരസർവസ്വം”

എന്ന് അവസാനത്തിലുമുള്ള ശ്ലോകങ്ങൾ നോക്കുക. മംഖുകൻ 1129 മുതൽ 1150 വരെ കാശ്മീരം ഭരിച്ചിരുന്ന ജയസിംഹന്റെ മന്ത്രിയും സദസ്യനുമായിരുന്നു. അലങ്കാരസർവസ്വത്തിനു വിശദമായ ഒരു വ്യാഖ്യാനം രവിവർമ്മകുലശേഖരന്റെ ആജ്ഞയനുസരിച്ചു കൊല്ലത്തുവച്ചു സമുദ്രബന്ധൻ നിർമ്മിക്കുകയുണ്ടായി. ആ സംഭവത്തെപ്പറ്റി കവി ഇങ്ങനെ വർണ്ണിക്കുന്നു.

> “കേരളേഷ്വസ്തി നഗരീ കോളംബ ഇതി വിശ്രുതാ
> അധിശ്രിയാ യയാവാചീ ഹരിദപ്യളകാവതീ;
> അയോധ്യാമപി യാം സന്തോ രാഘവാന്വയവർജ്ജിതാം
> അഗോചരം ഭുജങ്ഗാനാമാഹുർഭോഗവതീമപി.
> പ്രാപ്തകല്പദ്രുമച്ഛായൈഃ സുമനോഭി: കൃതാസ്പദാ,
> അവതീർണ്ണേവ മേദിന്യാം യാ ചകാസ്ത്യമരാവതീ.
> വിഭൂഷയൻ പുരീമേനാം യദുവംശവിഭൂഷണം
> രവിവർമ്മേതി വിഖ്യാതോ രാജാ ശാസ്തി വസുന്ധരാം.
> യസ്മാദന്യഃ പദം നാസ്തി കലാവദ്രാജശബ്ദയോഃ
> തദന്വവായകൂടസ്ഥമന്തരേണ നിശാകരം.
> വിവർണ്ണാരിവധൂവക്ത്രവ്യാഖ്യാത ഭുജവിക്രമേ
> പത്യൗ യസ്മിന്നഭൂദുർവീ വീരപത്നീപദാസ്പദം.
> വീരേണ വാഗ്മിനാ യേന വദാന്യേന വസുന്ധരാ
> വാസവം വചസാമീശം പാരിജാതഞ്ച ലംഭിതാ.
> ന പരം ധന്വനാ ശൂന്യാഃ പാണയഃ പൃഥിവീഭുജാം
> അപി കൃത്സ്നാ മഹീ യസ്മിന്നവത്യതുലവിക്രമേ.
> വിദ്യാസ്ഥാനൈസ്സമം തസ്യ വിഷ്ടപാനി ചതുർദ്ദശ
> പ്രസാധിതവതഃ പാർശ്വം സുധിയോ ജാതു നാത്യജൻ.
> കദാചിന്മംഖുകോപജ്ഞം കാവ്യാലങ്കാരലക്ഷണം
> പ്രദർശ്യ രവിവർമ്മാണം പ്രാർത്ഥയന്ത വിപശ്ചിതഃ.
> ഗംഭീരം നസ്തിതീർഷൂണാം മംഖുകഗ്രന്ഥസാഗരം
> നൗരസ്തു ഭവതഃ പ്രജ്ഞാ സ്ഥേയസീ യദുനന്ദന!
> വ്യാചക്ഷ്വ തമിമം ഗ്രന്ഥം വ്യാവൃത്തവചനക്രമഃ
> ശാസ്ത്രസാഹിത്യപാഥോധിപാരാവാരീണയാ ധിയാ.
> ഇതി തൈഃ പ്രാർത്ഥിതഃ പ്രാജ്ഞൈഃ
> പാർത്ഥിവസ്താനഭാഷത
> ദന്താർച്ചിരുദ്ഗമവ്യാജവ്യക്തവൈശദ്യയാ ഗിരാ.
> മയാ ∫സാധ്യമഭീഷ്ടം വോ ഗ്രന്ഥഃ പുനരയം മഹാൻ
> വ്യാഖ്യാതും ശക്യമാസാദ്യ ഭവതാം യദ്യനുഗ്രഹം.
> വ്യാഖ്യേയം മാനനീയാ സ്യാൽ സദ്ഭിരാദ്രിയതേ യദി;
> ശംഭോഃ പരിഗ്രഹാദേവ ശ്ലാഘ്യാ ചാന്ദ്രമസീ കലാ.
>
> ഇത്യുക്തൈഷ മനീഷാ വൈഭവപരിഭൂതവാസവാചാര്യ:
> ബുദപരിഷദലങ്കാരോ വ്യാഖ്യദലങ്കാരസർവസ്വം
> അവധൂതൈ്യ യദുപതിനാ വിവൃതസ്യ
> ഗരീയസസ്തദർത്ഥസ്യ
> കശ്ചിദ്വ്യധിത വിപശ്ചിച്ഛബദനിബന്ധം സമുദ്രബന്ധാഖ്യ:”

ദുരവഗാഹമായ അലങ്കാരസർവസ്വം വ്യാഖ്യാനിക്കണമെന്നു പണ്ഡിതന്മാർ സങ്ഗ്രാമധീരനോടു പ്രാർത്ഥിക്കുകയും അദ്ദേഹം അവരുടെ അപേക്ഷ സ്വീകരിച്ച് ആ ഗ്രന്ഥത്തിന് അർത്ഥവിവരണം ചെയ്യുകയും അതു സമുദ്രബന്ധൻ പുസ്തകാകൃതിയിലാക്കുകയും ചെയ്തു എന്നാണല്ലോ ഈ പ്രസ്താവനയിൽനിന്നു നാമറിയുന്നതു്. സർവസ്വവ്യാഖ്യയിൽ അവിടവിടെ സമുദ്രബന്ധൻ ഉദാഹരണരൂപത്തിൽ പല ശ്ലോകങ്ങൾ എഴുതിച്ചേർത്തിട്ടുണ്ടു്. അവയെല്ലാം രവിവർമ്മപ്രശസ്തിപരങ്ങളാകുന്നു.

> “സങ്ഗ്രാമധീരനൃപതിർഭീരുരധർമ്മാദഭീരുരാഹവതഃ
> ശുശ്രൂഷുർന്നഗമവിദസ്തദ്ബാഹ്യവിദോ ഭവത്യശുശ്രൂഷുഃ”
> “അധിസമരമാതതജ്യേ രവിവർമ്മൻ! കാർമ്മുകേ
> ത്വയാകൃഷ്ടേ
> ആസ്രം ദ്വിഷാമുരസ്തസ്തരുണീനാം ലോചനൈസ്സമം
> പതതി”
> “യദ്യാകാംക്ഷസി വീക്ഷിതും ഗുണരുചേ,
> ചേതസ്സമസ്താൻഗുണാൻ
> കോളംബാഖ്യമുപേഹി ദക്ഷിണദിശാർസീമന്തരത്നം പുരം
> ആസ്തേ യത്ര ഭുജേന കീർത്തിശശിനഃ
> പൂർവാചലേനോദ്വഹ–
> ന്നർവീമർണ്ണവമേഖലാം യദുപതിഃ കല്പദ്രുമോ ജങ്ഗമഃ”

ഇവ അക്കൂട്ടത്തിൽ പെട്ടവയാണു്. വിദ്യാധരന്റെ ഏകാവലി, വിദ്യാനാഥന്റെ പ്രതാപരുദ്രീയം, സമുദ്രബന്ധന്റെ അലങ്കാരസർവസ്വവ്യാഖ്യ ഈ മൂന്നലങ്കാരഗ്രന്ഥങ്ങളും ഏകദേശം ഒരേകാലത്തുണ്ടായവയാണു്. വിദ്യാധരൻ കലിങ്ഗരാജാവായ ദ്വിതീയനരസിംഹനേയും (1275-–1305) വിദ്യാനാഥൻ കാകതീയരാജാവായ പ്രതാപരുദ്രനേയും (1291—1321) വർണ്ണിച്ചാണു് ഉദാഹരണങ്ങൾ രചിക്കുന്നതു്. ഈ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവു വിദ്യാധരനാണെന്നു ഞാൻ ഊഹിക്കുന്നു.

## 4 സിംഹരാജൻ

സമുദ്രബന്ധനു സിംഹരാജൻ എന്നൊരു പുത്രനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കൃതികളായി പ്രാകൃതരൂപാവതാരം, രാജശേഖരന്റെ കർപ്പൂരമഞ്ജരീസട്ടകത്തിനു വിവരണം എന്നൊരു വ്യാഖ്യാനം, ഇങ്ങനെ രണ്ടു ഗ്രന്ഥങ്ങൾ നമുക്കു ലഭിച്ചിട്ടുണ്ട്. രണ്ടും അദ്ദേഹത്തിനു പ്രാകൃതഭാഷയിലുള്ള പാണ്ഡിത്യത്തെ സ്പഷ്ടീകരിക്കുന്നു. രണ്ടാമത്തെ ഗ്രന്ഥത്തിന്റെ ഒടുവിൽ "സകലവിദ്യാവിശാരദസ്യ സമുദ്രബന്ധയജ്വനഃ സൂനുനാ സിംഹരാജേന വിരചിതേ സട്ടകവിവരണേ" എന്നൊരു കുറിപ്പു കാണുന്നുണ്ട്. സമുദ്രബന്ധൻ പ്രവരസേനന്റെ സുപ്രസിദ്ധമായ സേതുബന്ധമെന്ന മഹാകാവ്യത്തിന് ഒരു വ്യാഖ്യാനം രചിച്ചിട്ടുണ്ടെന്ന് സിംഹരാജൻ വിവരണത്തിൽ താഴെ ഉദ്ധരിക്കുന്ന ശ്ലോകത്താൽ രേഖപ്പെടുത്തിയിരിക്കുന്നു. ആ വ്യാഖ്യാനം ഇതുവരെ കണ്ടുകിട്ടീട്ടില്ല.

> "വ്യാകൃത്യാം സേതുനാ യസ്സമധികഗഹനം
> ശാസ്ത്രസാഹിത്യസിന്ധും
> ബദ്ധ്വാ ബുധ്വാ യഥാർത്ഥാം വ്യരചയത നിജാം
> സിന്ധുബന്ധേതിസംജ്ഞാം
> നത്വാം തം യായജൂകം നിയമവിധിവിദം
> താതമസ്യ പ്രസാദാ–
> ദ്വാഖ്യാനം സട്ടകസ്യ സ്ഫുടതരമധുനാ
> സിംഹാരാജോ വിധാസ്യേ."

## 5 കവിഭ്രൂഷണൻ

കവിഭ്രൂഷണൻെറ ചന്ദ്രകലാമാല എന്നു പേരിടാവുന്ന രവിവർമ്മപ്രശസ്തിപരമായ ഒരു വർണ്ണനം രങ്ഗനാഥ ക്ഷേത്രത്തിലെ ശിലാരേഖയുടെ ഒരു ഭാഗമായി കാണ്മാനുണ്ട്. ആകെ പതിനെട്ടു ശ്ലോകങ്ങളുള്ളതിൽ ആദ്യത്തെ പതിനാറാണ് കലകളായി ഗണിക്കപ്പെട്ടിട്ടുള്ളത്. ചില ശ്ലോകങ്ങൾ ഉദ്ധരിക്കാം.

> “ദുർബലസ്യ ബലം രാജേത്യേഷാ സത്യാ സരസ്വതി;
> സങ്ഗ്രാമധീരോ ധർമ്മസ്യ ദുർബലസ്യ ബലം കലൌ.
> രവിശ്ച രവിവർമ്മാ ച ദ്വാവിമൌ തേജസാം നിധീ;
> ഏകസ്യാഹനി പ്രതാപശ്രീരപരസ്യ ത്വഹർന്നിശം.
> സങ്ഗ്രാമധീര, ത്വദ്രാജ്യേ ചോരാ നാസ്തീതിവാങ്മൃഷാ;
> ചമ്പകദ്യുതിസർവസ്വചോരസ്തേ വിഗ്രഹസ്സ്വയം.
> ഏകസ്സ്വാദു ജഗൽ സർവം ഭ്രുങ്ക്ഷേ യാദവഭ്രൂപതേ.
> പ്രായോ ന ദോഷഃ സ്ത്രീഹത്യാ രാജ്ഞാം
> രാമസധർമ്മണാം
> സതാം സഹചരീം ഹംസി രവിവർമ്മൻ ദരിദ്രതാം.
> ധനം സർവം ദദാമീതി കഥം തേ യാദവ, വ്രതം?
> ബ്രഹ്മാണ്ഡഭാണ്ഡാഗാരേഽസ്മിൻ സഞ്ചിനോഷി
> യശോധനം.
> ഇതി യാദവകീർത്തീന്ദോഃ കലാഷ്ഷോഡാശസൂക്തയഃ
> ഉല്ലാസയന്തു കുമുദം ഭൂഷണേ പവർണി സ്ഥടാഃ”

# 6 അരുണഗിരിനാഥൻ

## കാലം

‘അണ്ണാമല’ എന്ന പേരിൽ സുപ്രസിദ്ധനായ അരുണഗിരിനാഥൻ, അഥവാ അരുണാചലനാഥൻ കാളിദാസ മഹാകവിയുടെ രഘുവംശത്തിനും കുമാരസംഭവത്തിനും പ്രകാശിക എന്ന സംജ്ഞയിൽ ഓരോ ടീക നിർമ്മിച്ചിട്ടുള്ള മഹാപണ്ഡിതനാകുന്നു. അണ്ണാമലയുടെ വ്യാഖ്യാനങ്ങൾക്കു കേരളത്തിലെങ്ങും അത്യധികമായ പ്രചാരമുണ്ട്; എന്നാൽ കേരളത്തിനു വെളിയിൽ അവ അവിദിതങ്ങളുമാണ്. അതുകൊണ്ട് അദ്ദേഹം ഒന്നുകിൽ ഒരു കേരളീയനോ അല്ലെങ്കിൽ കേരളത്തിൽ ആയുഷ്കാലം നയിക്കുവാൻ ഇടവന്ന ഒരു ദ്രാവിഡനോ ആയിരിക്കണം. ‘അരുണാചലനാഥേന ദ്വിജപാദാബ്ജസേവിനാ’ എന്നു രണ്ടു വ്യാഖ്യാനങ്ങളിലും ‘ശിവദാസാപരാഖ്യേന’ എന്നുകൂടി രഘുവംശപ്രകാശികയിലും അദ്ദേഹം തന്നെ വിശേഷിപ്പിക്കുന്നു; കുമാരസംഭവപ്രകാശികയിൽ ‘പ്രപദ്യേഹം കപർദ്ദിനം’ എന്നും ‘തത്സർവം ഭവപാദപങ്കജരജസ്സമ്പർക്കജം മന്മഹേ’ എന്നും അവസാനിക്കുന്ന മങ്ഗളശ്ലോകങ്ങളിൽ തനിക്കുള്ള ശിവഭക്തിയേയും പ്രകടീകരിക്കുന്നു. ‘ദ്വിജപാദാബ്ജസേവിനാ’ എന്ന വിശേഷണത്തിൽനിന്ന് അദ്ദേഹം ഒരു അബ്രാഹ്മണനായിരുന്നു എന്നൂഹിക്കാം. അതിന് ഉപോൽബലകമായി രഘുവംശപ്രകാശികയുടെ ഒരാദർശഗ്രന്ഥത്തിൽ “ഇതി രാമദത്ത സൂനുനാ അരുണഗിരിനാഥേന വിരചിതായാം” എന്നൊരു കുറിപ്പു കാണ്മാനുണ്ട്. അതിൽനിന്നു അരുണഗിരിയുടെ പിതാവിന്റെ നാമധേയം രാമനെന്നാണെന്നും ദത്തശബ്ദപ്രയാഗേത്തിൽനിന്ന് അദ്ദേഹം ഒരു വൈശ്യനാണെന്നും സിദ്ധിക്കുന്നു. ക്രി. പി. പതിന്നാലാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ആന്ധ്രദേശത്തെ അലങ്കരിച്ചിരുന്ന വ്യാഖ്യാതൃചക്രവർത്തിയായ മല്ലിനാഥനു മാർഗ്ഗദർശിയായി സൂര്യസൂനുവായ ദക്ഷിണാവർത്തനാഥൻ എന്നൊരു പണ്ഡിതൻ ക്രി. പി. പതിമ്മൂന്നാംശതകത്തിൽ ജീവിച്ചിരുന്നു. അദ്ദേഹത്തിന്റെ ജന്മഭൂമി ചോളദേശത്തിൽപ്പെട്ട (ദക്ഷിണാവർത്തം) തിരവലഞ്ചുഴിയായിരുന്നു. ദക്ഷിണാവർത്തൻ മേഘസന്ദേശത്തിനും പ്രദീപമെന്ന വ്യാഖ്യാനത്തിനും ശാകുന്തളത്തിന് ഒരു ടിപ്പണത്തിനും പുറമേ രഘുവംശകുമാരസംഭവങ്ങൾക്കു ‘ദീപിക’ എന്ന സംജ്ഞയിൽ ഓരോ ടീകയും രചിച്ചിട്ടുണ്ട്. അരുണഗിരി, ദക്ഷിണാവർത്തന്റെ വ്യാഖ്യാനങ്ങളിലെ പല ഭാഗങ്ങളും സ്വായത്തീകരിക്കുകയും ചെയ്യുന്നു. എന്നാൽ മല്ലിനാഥനെ അദ്ദേഹം ഒരവസരത്തിലും ഉപജീവിക്കുന്നതായി കാണുന്നില്ല. ‘നാഥസ്തുചതുർവിധം വൃദ്ധമിതിജ്ഞാത്വാ’ എന്നു അദ്ദേഹം രഘുവംശപ്രകാശികയിൽ സ്മരിച്ചിട്ടുള്ളതു ദക്ഷിണാവർത്തനെയാണെന്നു ഞാൻ ഗ്രന്ഥപരിശോധനാനന്തരം ധരിച്ചുവച്ചിട്ടുണ്ട്. അതുകൊണ്ട് ആ ‘നാഥൻ’ ചിലർ വിചാരിക്കുന്നതുപോലെ മല്ലിനാഥനല്ല. തന്നിമിത്തം പ്രസ്തുത വ്യാഖ്യാതാവു പതിമ്മൂന്നാം ശതകത്തിന്റെ ഉത്തരാർദ്ധത്തിലോ പതിന്നാലാംശതകത്തിന്റെ പൂർവാർദ്ധത്തിലോ ജീവിച്ചിരുന്നതായി പരിഗണിക്കാവുന്നതാണ്. മല്ലിനാഥന്റെ കാലം പതിന്നാലാംശതകത്തിന്റെ ഉത്തരാർദ്ധത്തിലായിരുന്നു. കൊല്ലം 706-ൽ പകർത്തിയ രഘുവംശപ്രകാശികയുടെ ഒരു പ്രതി തിരവല്ലാ കുഴിക്കാട്ടില്ലത്തുണ്ട്. രഘുവംശപ്രകാശികയിൽ താൻ ശ്രീകണ്ഠപാദപവിത്രിതനാണെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. ആ ശ്രീകണ്ഠൻ ആരെന്നറിയുന്നില്ല; അദ്ദേഹത്തിന്റെ ഗുരുനാഥനായിരിക്കാം.

## ടീകകളുടെ വൈശിഷ്ട്യം

അരുണഗിരി അദ്ദേഹത്തിന്റെ ടീകകളിൽ തനിക്കു വ്യാകരണം, അലങ്കാരം, ധർമ്മശാസ്ത്രം മുതലായ വിഷയങ്ങളിലുള്ള അത്യുത്തമമായ അവഗാഹം അനുസ്യൂതമായി പ്രദർശിപ്പിക്കുന്നുണ്ടെങ്കിലും ഗൂഢാർത്ഥ പ്രതിപാദനത്തിലും രസഭാവവിവരണത്തിലുമാണ് തന്റെ വൈശിഷ്ട്യം പ്രസ്പഷ്ടമാക്കുന്നത്. പൂർവടീകകളേയും ആചാര്യന്മാരുടെ ലക്ഷണഗ്രന്ഥങ്ങളേയും നല്ലപോലെ പര്യാലോചന ചെയ്തതിന്നുശേഷമാണ് താൻ രഘുവംശത്തിനു ടീക രചിക്കുവാൻ ഉദ്യമിക്കുന്നതെന്നും, തനിക്കു മുൻപ് ആ കാവ്യം പലരും വ്യാഖ്യാനിച്ചിട്ടുള്ളതുകൊണ്ടു തന്റെ പ്രയത്നം നിഷ്ഫലമാകണമെന്നില്ലെന്നും, എന്തുകൊണ്ടെന്നാൽ ‘യതോ വിദ്വാന്മതാ സർവോ ന സർവം പശ്യതീതി വാക്’ അതായത് എല്ലാവരും എല്ലാം അറിയുന്നില്ലെന്നുള്ള വാക്കു വിദ്വാന്മാർക്കു സമ്മതമാണെന്നും, രഘുവംശം ഒരു പ്രബന്ധസമുദ്രമാണെന്നും അതിന്റെ അർത്ഥം യഥാമതി വിചാരണ ചെയ്യുന്നതിന് എല്ലാവർക്കും യോഗ്യതയുണ്ടെന്നും രസഭാവാലങ്കാരാദ്യംശങ്ങളെ താൻ പ്രത്യേകം നിരൂപണം ചെയ്യുവാൻ പോകുന്നു എന്നും അദ്ദേഹം ആ ഗ്രന്ഥത്തിൽ ഉപന്യസിക്കുന്നു. കുമാരസംഭവപ്രകാശിക പിന്നീടു നിർമ്മിച്ചതാണ്.

> “രഘുവംശേ മഹാകാവ്യേ വിമൃശ്യ രസസമ്പദം
> കാളിദാസകവീന്ദ്രസ്യ ജ്ഞാതാസ്വാദേന സൂക്തിഷു.
>
> ***
>
> കുമാരസംഭവാഖ്യേപി മയാ ടീകാ വിതന്യതേ.”

എന്നാകുന്നു അതിൽ അദ്ദേഹം പ്രസ്താവിക്കുന്നത്. ആ ടീകയുടെ അവസാനത്തിൽ

> “യേ വാക്യാർത്ഥവിചാരകർക്കശധിയോ യേ വാ
> രസസ്രോതസി
> സ്വേച്ഛാമജ്ജനകേളിഷു വ്യസനിനോ യേ വാ
> ശിവൌസംശ്രിതാഃ
> തേ നിർമ്മത്സരസാവധാനമനസോ മൽകാം
> മനോഹാരിണീം
> സംഗൃഹ്ണന്തു കുമാരസംഭവസമുദ്ബോധായ ടീകാമിമാം”

എന്ന ശ്ലോകവും വ്യാഖ്യാതാവു ചേർത്തിട്ടുണ്ട്.

> “വർണ്യതേ ശിവയോർവൃത്തം; കാളിദാസസ്യ സൂക്തയഃ;
> വ്യാഖ്യാതാരോ വയം ചേതി മന്യേ കോപ്യുത്സവസ്സതാം.”

എന്ന പദ്യത്തിൽ നിന്ന് അദ്ദേഹത്തിനു തന്റെ ടീകയുടെ ഔൽകൃഷ്ട്യത്തിൽ എത്ര അടിയുറച്ച വിശ്വാസമാണുണ്ടായിരുന്നതെന്നു വെളിവാകുന്നു. ആ വിശ്വാസം യുക്തരൂപംതന്നെ; കേരളത്തിലെ സഹൃദയന്മാർ രഘുവംശത്തിനും കുമാരസംഭവത്തിനും അണ്ണാമലയുടേതിനേക്കാൾ മികച്ച വ്യാഖ്യാനങ്ങളുള്ളതായി ഗണിക്കുന്നില്ല. അനാവശ്യമായി ഒരു പദം പ്രകൃത്യാ യാവദർത്ഥവചസ്സായ അദ്ദേഹത്തിന്റെ ടീകകളിലില്ല. കൊല്ലം ഒൻപതാംശതകത്തിന്റെ പൂർവാർദ്ധത്തിൽ പൂർവഭാരതചമ്പൂകാരനായ കോഴിക്കോട്ടു മാനവേദരാജാവിന്റെ സദസ്സിനെ അലങ്കരിച്ചിരുന്ന വെള്ളാങ്ങല്ലൂർ നാരായണഭട്ടതിരി അദ്ദേഹത്തിന്റെ കുമാരസംഭവവിവരണത്തിൽ പറയുന്നതു്.

> “വ്യാഖ്യാന്തരേഷു ദൃഷ്ടേഷു വിമൃഷ്ടേഷ്വപി തത്വതഃ
> സുഭഗശ്ശിവദാസോക്തോ മാർഗ്ഗ ഏവാനുഗമ്യതേ.”

എന്നാണ്.

## 8 ദാമോദരച്ചാക്കിയാർ

ക്രി. പി. പതിന്നാലാം ശതകത്തിന്റെ ഒടുവിൽ കായംകുളത്തു കേരളവർമ്മരാജാവിന്റെ ആശ്രിതനായി ദാമോദരച്ചാക്യാർ എന്നൊരു കവി ജീവിച്ചിരുന്നു. അദ്ദേഹം തിരുവിതാംകൂറിൽ കോട്ടയത്തിനു സമീപമുള്ള മാങ്ങാനത്തു ചാക്കിയാർ കുടുംബത്തിലെ ഒരംഗമായിരുന്നു എന്നും നാവായിക്കുളത്തു ശങ്കരനാരായണമൂർത്തി ആ കുടുംബത്തിന്റെ പരദേവതയാണെന്നും അറിയുന്നു. ദാമോദരൻ കേരളവർമ്മരാജാവും കുട്ടത്തിയെന്ന യുവതിയും തമ്മിൽ നടന്ന വിവാഹത്തെ വിഷയീകരിച്ച് ഒരു മണിപ്രവാളചമ്പുവും കൊച്ചി രാമവർമ്മമഹാരാജാവും കേരളവർമ്മാവിന്റേയും കുട്ടത്തിയുടേയും പുത്രിയായ ഉണ്ണിയാടിയും തമ്മിലുള്ള വിവാഹത്തെ വിഷയീകരിച്ചു ശിവവിലാസം എന്ന പേരിൽ എട്ടു സർഗ്ഗത്തിൽ ഒരു കാവ്യവും രചിച്ചിട്ടുണ്ട്. ‘അത്രത്യോയം നിഖിലവിദ്യാപാരദൃശ്വാ ദാമോദരാഭിധാനോ ഭരതാചാര്യഃ’ എന്നു ചമ്പുവിലും,

> “ഇതി മഹിതപദാബ്ജേ രുദ്രനാരായണീയേ
> മധുലിഹ ഇവ വൃത്തിം ബിഭ്രതാ ചാതകസ്യ
> അലഘു ശിവവിലാസം നാമ കാവ്യം ബബന്ധേ
> സുരഭിഭരതഗോത്രീയേണ ദാമോദരേണ”

എന്നു കാവ്യത്തിലും പ്രണേതൃമുദ്രയുണ്ട്.

### ശിവവിലാസം

കേരളവർമ്മരാജാവിന്റെ അപദാനങ്ങളേയും കണ്ടിയൂർ ശിവക്ഷേത്രത്തിന്റെ മാഹാത്മ്യത്തേയും അനുവർണ്ണനം ചെയ്യുന്ന ഒരു വിശിഷ്ടകാവ്യമാകുന്നു ശിവവിലാസം. ആ ക്ഷേത്രത്തിന്റെ പ്രതിഷ്ഠ ക്രി. പി. 823-ൽ അതായത് കോളംബാബ്ദത്തിന്റെ ആരംഭത്തിനു രണ്ടു വർഷം മുമ്പിലാണ്. ആ സംഭവത്തിന്റെ സ്മാരകമായി ഒരു പ്രത്യേകാബ്ദംപോലും കേരളത്തിൽ വളരെക്കാലത്തേക്കു നിലനിന്നിരുന്നു. “തിരുക്കണ്ടിയൂർ മാതേവർക്കു ചെല്ലാനിൻറയാണ്ടു നൂറ്റിരുപത്തിമൂൻറിൽ” അതായതു ക്രി. പി. 946-ൽ കൊടിക്കുളത്ത് ഇരവികുമാരനും മറ്റും ആ ക്ഷേത്രത്തിലേക്കു ഭൂമി ദാനംചെയ്തതായി ഒരു ശിലാരേഖയിൽനിന്നു വെളിപ്പെടുന്നു. ഉണ്ണുനീലിസന്ദേശത്തിന്റെ കാലത്തു കായംകുളം ഭരിച്ചിരുന്നതു ‘രവിവർമ്മാ’ എന്ന വൃദ്ധനായ ഒരു രാജാവായിരുന്നു. അദ്ദേഹത്തിന്റെ ഭാഗിനേയനാണ് വീരകേരളവർമ്മാവ്. കണ്ടിയൂർ ശിവന്റെ അനുഗ്രഹംകൊണ്ട് അദ്ദേഹത്തിനു പുത്രീലാഭം സിദ്ധിച്ചതിനാലാണത്രേ ഗ്രന്ഥത്തിനു ശിവവിലാസം എന്നു പേർ വന്നതു്. വീരകേരളനെപ്പറ്റിയുള്ള പ്രശസ്തിയിൽപ്പെട്ട ഒരു ശ്ലോകം താഴെ ഉദ്ധരിക്കുന്നു.

> “തസ്മിന്നാസീൽ പ്രശസ്തേ ത്രിജഗതി മതിമാൻ
>     ശേഖരഃ കേരളാനാം
> ദിക്ചക്രേ വിക്രമാവിഷ്കൃതജയപടഹഃ
>     കേരളോ നാമ രാജാ
> യസ്യാസ്ത്രൈർഭഗ്നശേഷാ രണഭുവി വിമുഖാ–
>     ശ്ശത്രവോ മുക്തഹസ്താ–
> ശ്ചക്രുഃ കാന്താരകന്ദോൽഖനനസഹകരം
>     ശസ്ത്രമേവാത്മഹസ്തേ.”

അദ്ദേഹത്തിനു കൃഷ്ണനിളയത്ത് എന്നൊരു മന്ത്രിയുണ്ടായിരുന്നു. ആ മന്ത്രി അന്നു വടക്കുങ്കൂർ രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന കടുത്തുരുത്തിയിൽ പൂതികൊട്ടില്ലത്തെ ഒരംഗമായിരുന്നു. “പൂതികോട്ടെന്നുഭൃതലേ ഗീതകീർത്തിവിലാസോ നീതി ശാസ്ത്രനിഷ്ണാതഃ കൃഷ്ണാഭിധാനോഭാതി മന്ത്രിമുഖ്യഃ” എന്നു ചമ്പുവിൽ അദ്ദേഹത്തെ സ്തുതിച്ചിരിക്കുന്നു, ശിവവിലാസത്തിലും

> “ഭ്രതിഃ സ്ഥിരാ യത്ര നയസ്യ, നാമ്നാ
> ധീരഃ ശ്രുതോ യോ ഭുവി കൃഷ്ണവീരഃ
> സോഥ ദ്വിജം തം നിജരാജ്യതന്ത്ര–
> സാരഥ്യകൃത്യേ വരയാഞ്ചകാര.”

എന്ന് അദ്ദേഹത്തെപ്പറ്റി ഒരു പ്രസ്താവന കാണുന്നു. അനപത്യതാ ദുഃഖം നിമിത്തം അസ്വസ്ഥനായ രാജാവിനോടു കൃഷ്ണവീരൻ കണ്ടിയൂർ ശിവനെ ഭജിക്കുവാൻ ഉപദേശിക്കുകയും അദ്ദേഹം ആ ഉപദേശമനുസരിച്ചു പ്രവർത്തിക്കുകയും ചെയ്തു. അടിയിൽ കാണുന്നത് അത്യന്തം ഹൃദയമോഹനമായ ഒരു ശിവസ്തുതിയാണ്.

> “ജയ ശംഭോ ജയോദ്വൃത്തജാഹ്നവീഭംഗശേഖര;
> ജയ മുണ്ഡാവലീക്ലൃപ്തമുക്താഹാരമഹേശ്വര;
> ജയ സർവ്വാങ്ഗലഗ്നോരുദന്ദശൂകേശശൂൽകൃതേ;
> ജയ കശ്മീരജപ്രേഷ്ഠചിതാഭസ്മവിലേപന;
> ജയ കാഷ്ഠാകരിവ്യാഘ്രത്വക്പൃഷ്ഠാംശുകവേഷ്ടന;
> ജയ നീലഗളായുഗ്ദ്വഗസാധാരണലക്ഷണ;
> ജയ സിന്ധുരവോഗ്രാട്ടഹാസൈകാർത്താരിസിന്ധുര;
> ജയ ചന്ദ്രകരാർദ്രാക്ഷിജ്വാലാധൂമാത്തചന്ദ്രക;
> ജയ താമരസാക്ഷേന്ദ്രപാല്യതാപാത്രിതാമര;
> ജയ ചാപലതാദഗ്ധത്രിപുരീദർപ്പചാപല;
> ജയ ഗൌരവപൂർദ്ധാമധ്വസ്തതാമസഗൌരവ;
> ജയ സാരസദച്ഛാത്മസരസ്സത്മാംഘ്രിസാരസ.”

ശ്രീപരമേശ്വരൻ പ്രസാദിച്ചു രാജാവിനു കുട്ടത്തിയിൽ ഉണ്ണിയാടി എന്നൊരു പുത്രി ജനിച്ചു. സൌന്ദര്യത്തിനും വൈദുഷ്യത്തിനും പ്രസിദ്ധി നേടിയ ആ കുമാരിക്കു യഥാകാലം സ്വയംവരം നിശ്ചയിച്ചു. പല ദേശങ്ങളിൽനിന്നും രാജാക്കന്മാർ വന്നു. അവരിൽവച്ചു (ബഹ്വ്യാപ്തി) പെരുമ്പടപ്പുരാജ്യം ഭരിച്ചിരുന്ന രാമവർമ്മാവിന്റെ അനന്തരവനും ലക്ഷ്മീരാജ്ഞിയുടെ പുത്രനുമായ രാമവർമ്മാവിനെ കന്യക ഭർത്താവായി വരിച്ചു. ആ ഘട്ടത്തിൽനിന്നു ചില ശ്ലോകങ്ങൾ ചുവടേ ചേർത്തുകൊള്ളുന്നു.

> “അധ്യാസതേ കേരളഭൂഭൃതോ യാം;
> യസ്യാ യഥാർത്ഥൈവ മഹോദയാഖ്യാ;
> രാമാവനൌ മുഖ്യതമാ പുരീ യാ;
> താമാവസത്യേഷ ദിവം വൃഷേവ.
> മന്യേ സ രാമോപ്യയമേവ രാമ–
> വർമ്മാന്വയഃ ക്ഷത്രമഹോനിധാനം.
> ആജ്ഞാ കൃതാമപ്യമിതത്വിഷോസ്യ
> ഭ്രൂ ക്ഷേപവശ്യൈവ പുരന്ദരശ്രീഃ.
>
> നിസ്സീമമാഹോദയസത്മതോസ്യ
> ദക്ഷോത്തരോദ്ദേശവിസാരി തേജഃ;
> നാന്യോത്ര ഹേതുസ്തത ഏതദീയഃ
> ഖ്യാതോ ബഹ്വ്യാപ്തിതയാന്വവായഃ”
>
> “ഉത്സാഹതശ്ശശ്വദുദസ്തശത്രോ–
> സ്ത്യാഗാധികത്വാച്ച സമസ്തപാത്രേ
> വിശ്വോത്തരം യം കഥയന്തി വീരോ–
> ദാരാഖ്യമാരാധ്യമതിം കവീന്ദ്രാഃ
>
> ന്യക്ഷേണ സംലക്ഷിതലക്ഷണൌഘ–
> ലക്ഷ്യഃ ക്ഷമീ രക്ഷിതസംശ്രിതശ്രീഃ
> ലക്ഷ്മ്യാസ്സുതഃ പശ്യ സ രാമവർമ്മാ
> ലക്ഷ്മീവതോമുഷ്യ തു ഭാഗിനേയഃ”

എഴാം സർഗ്ഗത്തിലാണ് സ്വയംവരവർണ്ണനം; എട്ടാം സർഗ്ഗത്തിൽ സംഭോഗശൃങ്ഗാരം വിസ്തരിച്ചിരിക്കുന്നു. ഒടുവിൽ കൊടുങ്ങല്ലൂരിനു സമീപം ഒരു ശിവക്ഷേത്രത്തിൽ ഭർത്തൃസഹിതയായി ഉണ്ണിയാടി അദ്ധ്യാത്മവിദ്യ പരിചയിക്കുന്നു എന്നുള്ള പ്രസ്താവനയോടുകൂടി കവി ഗ്രന്ഥം സമാപിക്കുന്നു. അക്കാലത്തെ സാമുദായികങ്ങളായും മറ്റുമുള്ള പല വസ്തുതകൾ ധരിക്കുന്നതിനു ശിവവിലാസം വളരെ പ്രയോജനപ്പെടുന്നുണ്ട്. കേരളത്തിലെ ഒരു ക്ഷേത്രത്തിന്റെ മാഹാത്മ്യം ഒരു രാജപുത്രിയുടെ മാഹാത്മ്യവും കൂട്ടിയിണക്കി ഇത്തരത്തിൽ വിശിഷ്ടമായ ഒരു കാവ്യം നിർമ്മിച്ച ദാമോദരകവി നമ്മുടെ ആത്മാർത്ഥമായ ശ്ലാഘയെ ആവർജ്ജിക്കുന്നു.

## 9 വിടനിദ്രാഭാണം

ഉണ്ണിയാടിയുടെ പ്രാണനാഥനായ രാമവർമ്മമഹാരാജാവിന്റെ കാലത്ത് അജ്ഞാതനാമാവായ ഒരു കവി നിർമ്മിച്ചതാണ് ‘വിടനിദ്ര’ എന്ന ഭാണം. അദ്ദേഹം ആ രാജാവിനെ ആശ്രയിച്ച കൊടുങ്ങല്ലൂരിൽ താമസിച്ചിരുന്നതായി ഊഹിക്കുവാൻ ഗ്രന്ഥം വഴിതെളിക്കുന്നുണ്ട്. “അഹോ ചൂർണ്ണീസരിൽകല്ലോലഹസ്താലിങ്ഗിതമേഖലായാഃ കേരളകുലരാജധാന്യാഃ ശ്രീരാമവർമ്മപരിപാലിതായാ മഹോദയപുര്യാഃ” എന്നും “വികചകുമുദരജോധൂരചൂർണ്ണീ നദീസരിദ്ദൂർമ്മിമഞ്ജരീലാസ്യക്രിയാദേശികസ്സ്വയമവതരതി മാരുതഃ” എന്നുമുള്ള പ്രസ്താവനകൾക്കു പുറമേ ഗ്രന്ഥാവസാനത്തിൽ

“യാവൽ ഖണ്ഡേന്ദുമൌലിം ശ്രയതി ഗിരിസുതാ;
 യാവദാസ്തേ മുരാരേ–
ർവക്ഷസ്യക്ഷീണഹാരദ്യുതിമണിശബളേ
 ദേവതാ മങ്ഗളാനാം;
യാവദ്വക്ത്രേഷു മൈത്രീമുപനയതി ഗിരാ–
 മീശ്വരീ പത്മയോനേ–
സ്താവല്ലക്ഷ്മീപ്രസൂതിസ്സ്വയമവതു ഭുവം
 രാമവർമ്മാ നരേന്ദ്രഃ”

എന്നൊരു ഭരതവാക്യവും പ്രസ്തുതഭാണത്തിൽ സംഘടിതമായിരിക്കുന്നു. സംസ്കൃതഭാഷയിൽ ഇതുവരെ കണ്ടുകിട്ടീട്ടുള്ള ഭാണങ്ങളിൽ പഴക്കംകൂടിയവ ശൂദ്രകന്റെ പത്മപ്രാഭൃതകവും ഈശ്വരദത്തന്റെ ധൂർത്തവിടസംവാദവും വരരുചിയുടെ ഉഭയാഭിസാരികയും ശ്യാമതിലകന്റെ പാദതാഡിതകവുമാണ്. ഈ നാലു കവികളെയും പ്രശംസിച്ച്,

“വരരുചിരീശ്വരദത്തഃ
ശ്യാമിലകശ്ശൂദ്രകശ്ച ചത്വാരഃ
ഏതേ ഭാണാൻ ബഭണുഃ;
കാ ശക്തിഃ കാളിദാസസ്യ?”

എന്നൊരു പഴയ ശ്ലോകമുണ്ട്. വിടനിദ്രയുടെ അവസാനത്തിൽ

“സകലനിഗമവിദ്യസ്സംഗൃഹീതാർത്ഥശബ്ദ–
സ്സ്നുതസകലരസേഭ്യഃ പ്രാക്തനേഭ്യഃ കവിഭ്യഃ
ഭവതു ശിവമശേഷപ്രാജ്ഞഹൃൽപുണ്ഡരീകോ–
ച്ഛ്വസനദിനമണിഭ്യോ ഭാണകൃദ്ഭ്യശ്ചതുർഭ്യഃ”

എന്ന ശ്ലോകത്തിൽ സൂചിപ്പിക്കുന്നതും ഈ നാലു കവികളെപ്പററിത്തന്നെയാണ്. കേരളീയർ നിർമ്മിച്ചിട്ടുള്ള ഭാണങ്ങളിൽ ഏറ്റവും പ്രാക്തനമായിട്ടുള്ളത് ഈ ഗ്രന്ഥമാണെന്നു തോന്നുന്നു. കവിയുടെ വാസന അസാധാരണമാണ്. ഉദാഹരണത്തിന്, ഏതാനും ശ്ലോകങ്ങൾ പ്രദർശിപ്പിക്കാം.

(1) സ്ത്രീചാടു.

“തലോദരി തവാപാങ്ഗൈഃ ക്രീതമേകം ജഗത്ത്രയം;
ത്വാം വിനാ സ തു കന്ദർപ്പഃ കന്ദർപ്പമവലംബതേ?”

(2) ഒരു ദുഷ്കവി രചിച്ച ശ്ലോകം.

“കശ്ചിൽ കാമീ മുസലനിഹതസ്സ്വസ്ത്രിയാ സ്വച്ഛഗാത്ര്യാ
വാക്പാരുഷ്യൈഃ പ്രബന്ധൈഃ പ്രസഭമഭിഹതഃ
ശ്രോത്രയോസ്തീക്ഷ്ണതീക്ഷ്ണൈഃ”
ക്വചന വിപിനദേശേ സംസ്ഥിതശ്ചാപദാക്ഷ്യേ
ശാർദ്ദൂ ലമുദ്ധൃതരവം പ്രജിഘ്ലായ ദുഃഖീ”

ഈ ദുഷ്കവിയെ ഗ്രന്ഥകാരൻ വളരെ അപഹസിക്കുന്നുണ്ട്.

(3) സ്ത്രീചാടു.

“വിലുളിതഘനകുന്തളാ വിസർപ്പ–
ച്ഛ്റമജലബിന്ദുരുദഗ്രഖേദവേഗാ
കലയതി തവ ഗാത്രയഷ്ടിരേഷാ
ഘടിതനിവൃത്തനിയുദ്ധമല്ലലീലാം.”

(4) തരുണീവർണ്ണനം.

“ഗ്രന്ഥിഗ്രന്ഥനിതംബലംബിരശനാ ഗാത്രേഷു
 സർവേഷ്വപി
സ്മാരായോധനകർമ്മഗർവപിശുനൈർവീരവ്രണൈരങ്കിതാ
താരുണ്യോപനിബദ്ധജാഗൃവി മദാലങ്കാരത്സങ്കാരിതാ
സന്ധത്തേ മമ നേത്രയോർന്നിരുപമാം പ്രീതിം
 ചകോരേക്ഷണാ”

(5) മേല്പടി.

“സജലജലദസ്നിഗ്ധാഃ കേശാഃ സരോജരുചൌ ദൃശൌ
ഹസതി വദനം രാകാചന്ദ്രം ലതാലളിതൌ ഭുജൌ;
സ്തനമുകുളിതം വക്ഷോ വാർത്തേവ മധ്യമിതി ധ്രുവം
വിജിതകദളീസ്തംഭാവൂരൂ ഗതം ച മദാലസം.”

(6) കൊടുങ്ങല്ലൂരിലെ അന്തിചന്ത:

“വർണ്ണാനാം വചസാം ച ന ക്രമജുഷാം ഭേദഃ പരം
 ദൃശ്യതേ;
സൂനാഖഡ്ഗനികൃത്തജന്തുനിവഹക്രേങ്കാരവാചാലിതാ
വക്ത്രഗ്രസ്തവിശീർണ്ണമേഷ നളകാപംക്തിശ്ശുനാം
 ഭ്രാജതേ
സമ്മർദ്ദഃ ക്രയവിക്രയാകുലധിയാം പ്രസ്തൌതി
 കോലാഹലം.”

(7) ഉപദേശം.

“ഗിരാം ഗതിമവിജ്ഞായ ഭാവം കവയതാമപി
ജനഃ പരപ്രത്യയതോ ന നന്ദതു ന നിന്ദതു.”

‘സൂത്രധാരകൃതാരംഭ’മാണു, കേരളത്തിലെ പ്രാക്തനങ്ങളായ ഇതര രൂപകങ്ങളെപ്പോലെ ഈ ഭാണവും. താഴെക്കാണുന്ന അവതരണപദ്യംകൂടി ഇവിടെ ഉദ്ധരിക്കേണ്ടതുണ്ട്.

(8) “ജയതി സുകൃതൈഃ പ്രാണൈർവൃത്തേ മിഥഃ
 കലഹോത്സവേ
ത്ധടിതി ദയിതേ ഗാഢോൽകമ്പപ്രണാമവിധായിനി
വിചലിതകചസ്സാരങ്ഗാക്ഷ്യാ വിലോളിതകുന്തളഃ
ശിരസി നിഹിതഃ പാദാഘാതസ്സനൂപുരനിസ്സ്വനഃ”

ഗ്രന്ഥത്തിന്റെ സ്വാരസ്യം ഈ ശ്ലോകങ്ങളിൽനിന്ന് അനുമേയമാണല്ലോ. “ശഠകോപസ്യ മുണ്ഡധാരിണഃ പള്ളീമുത്തരേണ” എന്നൊരു പങ്ക്തി കാണുന്നതിൽനിന്നു ശഠകോപനു പ്രത്യേകമായി ഒരു ക്ഷേത്രം അന്നു കൊടുങ്ങല്ലൂരുണ്ടായിരുന്നു എന്നും അത് അവൈദികമാണെന്നു ഗ്രന്ഥകാരനെപ്പോലെയുള്ള സ്മാർത്തന്മാരായ കേരളീയർ കരുതിയിരുന്നു എന്നും കാണാവുന്നതാണ്.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ് ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## ഉള്ളൂർ: കേരളസാഹിത്യചരിത്രം ഭാഗം 1

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. ഭാഷ
2. ദ്രാവിഡം
3. മലയാളഭാഷയുടെ ഉൽപത്തി
4. കേരളവും ആര്യസംസ്കാരവും
5. കേരളവും ചെന്തമിഴ് സാഹിത്യവും
6. പാട്ടും മണിപ്രവാളവും
7. സംസ്കൃതസാഹിത്യം
8. സംസ്കൃതസാഹിത്യം (തുടർച്ച)
9. സംസ്കൃതസാഹിത്യം (വീണ്ടും തുടർച്ച)
10. നാടോടിപ്പാട്ടുകൾ I
11. നാടോടിപ്പാട്ടുകൾ II
12. നാടോടിപ്പാട്ടുകൾ III
13. ഭാഷാകൃതികൾ (പദ്യം) I
14. മണിപ്രവാളകൃതികൾ
15. സംസ്കൃതകൃതികൾ
16. ഭാഷാകൃതികൾ – പദ്യം
17. മണിപ്രവാളകൃതികൾ II
18. ലീലാതിലകം
19. ചില ആനുഷങ്ഗിക വിഷയങ്ങൾ


### വെബ് പതിപ്പ് കണ്ണികൾ


1. ഉള്ളൂർ: കേരളസാഹിത്യചരിത്രം ഭാഗം 1
2. ഉള്ളൂർ: കേരളസാഹിത്യചരിത്രം ഭാഗം 2
3. ഉള്ളൂർ: കേരളസാഹിത്യചരിത്രം ഭാഗം 3
4. ഉള്ളൂർ: കേരളസാഹിത്യചരിത്രം ഭാഗം 4
5. ഉള്ളൂർ: കേരളസാഹിത്യചരിത്രം ഭാഗം 5



സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014